ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്

ജൂലായ് 2002

ചരകത്തിലൂടെ

ധാരാകല്പം

ദശമൂലഹരീതകി

പഠനക്കുറിപ്പുകൾ

സംഭാഷണങ്ങൾ

സ്തനവിദ്രധി

ഫൗണ്ടേഷൻ വാർത്തകൾ

സമകാലികം

ഭാരതീയ വൈദ്യസംവാദം

ജൂലായ് 2002

<u>പ്രസാധനം</u>

വൈദ്യഭൂഷണം കെ. രാഘവൻ
തിരുമുൽപ്പാട് ഫൗണ്ടേഷൻ
ഫോർ ആയുർവേദിക് സ്റ്റഡീസ്
രാജവിഹാർ, ചാലക്കുടി
തൃശ്ശൂർ 680307

<u>പത്രാധിപസമിതി</u>

ഡോ. കെ.മുരളി
ഡോ. കെ. മഹേഷ് മേനോൻ
ഡോ. കെ. മുത്തുലക്ഷ്മി
ഡോ. ശശി കൈമൾ
ഡോ. മനോജ് ശർമ്മ

<u>എഡിറ്റർ</u>

ഡോ. എം.പ്രസാദ്

<u>ടൈപ്പ് സെറ്റിങ്ങ് & പ്രിന്റിങ്ങ്</u>

ഡിജിറ്റൽ വർക്ക്സ്റ്റേഷൻ
തൃശ്ശൂർ.

ഭാരതീയ വൈദ്യ

# സംവാദം

വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ ഫോർ ആയുർവേദിക് സ്റ്റഡീസ്

**ചരകത്തിലൂടെ** 6
വൈദ്യഭൂഷണം
കെ. രാഘവൻ തിരുമുൽപ്പാട്

51 **ധാരാകല്പം**
ഡോ. കെ. മഹേഷ് മേനോൻ

**ദശമൂലഹരീതകി** 55
എസ്. പരമേശ്വരൻ

61 **പഠനക്കുറിപ്പുകൾ**
ഡോ. കെ. മുരളി

**സംഭാഷണങ്ങൾ** 71

83 **സ്തനവിദ്രധി**
ഡോ. എം.വി. അനിൽകുമാർ

**ഫൗണ്ടേഷൻ വാർത്തകൾ** 87

91 **സമകാലികം**

# സംഭാഷണങ്ങൾ



*'സംഭാഷണങ്ങൾ' ശാസ്ത്രത്തെ, അനുബന്ധ വിഷയങ്ങളെയും, പുതിയ രീതിയിൽ കൈകാര്യം ചെയ്യാനുള്ള ശ്രമമാണ്. ഔപചാരികതകളുടെ ചട്ടക്കൂടുകൾക്കു പുറത്ത് പരസ്പരം വർത്തമാനം പറയും മട്ടിലുള്ള ഒരു ബോധനസമ്പ്രദായം. ഇത് ഏകപക്ഷീയമായ, മടുപ്പിക്കുന്ന ക്ലാസ്സ് റൂം ശൈലിക്ക് മറുമരുന്നാണ്. ഇതിൽ ഗുരുവും ശിഷ്യനും ഒരുപോലെ പങ്കാളികളാകുന്നു. 'സംഭാഷണങ്ങ'ളിലെ പ്രശ്നോത്തരങ്ങൾ സങ്കല്പ സൃഷ്ടികളല്ല. ചാലക്കുടിയിൽ ആദരണീയനായ ശ്രീ. രാഘവൻ തിരുമുൽപ്പാട് സാറിനെത്തേടിയെത്തുന്ന വിദ്യാർത്ഥികൾ ചോദിച്ച ചോദ്യങ്ങളും അവയ്ക്കദ്ദേഹം സ്വന്തം ശാസ്ത്രസംസ്ക്കാരത്തിന്റേയും യുക്തിയുടേയും വെളിച്ചത്തിൽ നൽകിയ മറുപടികളുമാണ് ഇതിൽ ചേർത്തിരിക്കുന്നത്. വിഷയത്തിന്റെ വ്യക്തതയ്ക്കു വേണ്ടി അദ്ദേഹം തന്നെ ഇത് തയ്യാറാക്കിയിരിക്കുന്നു. ഇതിന്റെ തുടർച്ച 'വൈദ്യസംവാദ'ത്തിന്റെ വരും ലക്കങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്.*

സംസ്കൃത യൂണിവേഴ്സിറ്റിയിൽ നിന്നു ചില വിദ്യാർത്ഥിനികൾ അവരുടെ ഗവേഷണത്തിന്റെ ഭാഗമായി എന്നെ സമീപിച്ച് ചില ചോദ്യങ്ങൾ ചോദിക്കുകയുണ്ടായി.

*? കേരളത്തിലെ ആയുർവേദത്തിന്റെ ചരിത്രം*

കേരളത്തിലെ ആയുർവേദത്തിനു പ്രത്യേകിച്ചൊരു ചരിത്രമുണ്ടെന്നു പറഞ്ഞുകൂടാ. ഭൂഗർഭശാസ്ത്രജ്ഞന്മാർ പറയുന്നത്, ഭാരതത്തിന്റെ ഇതരഭാഗങ്ങളെ അപേക്ഷിച്ച്, കേരളത്തിനു പഴക്കം കുറവാണെന്നാണ്. ഭാരതത്തിന്റെ പല ഭാഗങ്ങളിൽനിന്ന് പലകാലങ്ങളിലായി കുടിയേറിപ്പാർത്തവരാണ് കേരളത്തിലെ ജനസമൂഹങ്ങൾ. ഓരോ കാലത്തും കുടിയേറിപ്പാർത്തവർ, അവരുടെ ആചാരങ്ങളും സംസ്കാരങ്ങളും നിലനിർത്തുന്നതിനായി, വേർതിരിഞ്ഞു സമുദായങ്ങളായി പാർത്തുവെന്നും, അവരാണു പ്രത്യേകജാതികളായി തീർന്നതെന്നും ഊഹിക്കപ്പെടുന്നു. അങ്ങനെ ആയുർവേദവും മറ്റു ശാസ്ത്രങ്ങളുമെല്ലാം അങ്ങനെ കുടിയേറി വന്നുവെന്നാണു കരുതേണ്ടത്. പ്രാചീന ചരിത്രത്തെ സംബന്ധിച്ചു വ്യക്തമായ തെളിവുകളില്ല. ഊഹാപോഹങ്ങളും പക്ഷഭേദങ്ങളും അതിലുമധികം പക്ഷപാതങ്ങളുമടങ്ങിയതാണു ഇക്കാലത്തു ലഭിക്കുന്ന ചരിത്ര വിവരങ്ങൾ

*? കാടന്മാരുടെ ഇടയിൽ നടപ്പിലുണ്ടായിരുന്ന ചികിത്സാസമ്പ്രദായം*

ചരകത്തിൽ ഇങ്ങനെ ഒരു ശ്ലോകമുണ്ട് (സൂത്രസ്ഥാനം ഒന്നാം അധ്യായം)

*ഓഷധീർന്നാമരൂപാഭ്യാം ജാനതേ ഹ്യജപാ വനേ*
*അവിപാശ്ചൈവ ഗോപാശ്ച യേ ചാന്യേ വനവാസിനഃ*

കാട്ടിൽ കോലാടുകളേയും കുറിയാടുകളേയും പശുക്കളേയും മേയ്ക്കുന്നവർ മരുന്നുകളെ പേരുകൊണ്ടും ആകൃതികൊണ്ടുമെല്ലാം അറിയുന്നു. ശാസ്ത്രം പഠിച്ചതിന്നുശേഷം കുറെക്കാലം അവരുടെ കൂടെ നടന്നുമരുന്നുകളെക്കുറിച്ചു പരിചയം നേടണം. രഘുവംശം ഒന്നാം സർഗ്ഗത്തിൽ ഒരു ശ്ലോകമുണ്ട്.

*ഹൈയംഗവീനമാദായ*
*ഘോഷവൃദ്ധാനുപസ്ഥിതാൻ*
*നാമധേയാനി പൃച്ഛന്തൌ*
*വന്യാനാം മാർഗശാഖിനാം*– പുതുവെണ്ണയും കൊണ്ടുവന്നെത്തിയ

ഇടയക്കാരണവന്മാരോട് വഴിയിൽക്കണ്ട കാട്ടുവൃക്ഷങ്ങളുടെ പേരുകൾ ചോദിച്ചുകൊണ്ടു ദിലീപനും സുദക്ഷിണയും തപോവനത്തിലേക്കുപോയി. സ്വാഭാവികമായി ആ മരുന്നുകളുടെ ഉപയോഗത്തെക്കുറിച്ചും അവർക്കു കുറച്ചൊക്കെ അറിവുണ്ടാവും. പക്ഷെ അതു സംബന്ധിച്ച ശാസ്ത്രവും യുക്തിയുമൊന്നും അവർക്കറിയുമെന്നു തോന്നുന്നില്ല. സാധാരണജന്തുക്കൾതന്നെ, എന്തെങ്കിലും അസുഖം വരുമ്പോൾ. എന്തെങ്കിലും ചെടി കടിച്ചുതിന്നുന്നുണ്ടല്ലോ. അതെല്ലാം വാസനകൊണ്ടാണ്. അങ്ങനെ വാസനകൊണ്ടു സിദ്ധിയ്ക്കുന്ന, അനുഭവം കൊണ്ടുള്ള അറിവുകളാണു നിരീക്ഷണപരീക്ഷണങ്ങൾ കൊണ്ടു ശാസ്ത്രമായിത്തീരുന്നത്.

*? ആയുർവേദം വിശ്വാസങ്ങളും ആചാരങ്ങളുമെല്ലാം അടങ്ങിയതായി കാണപ്പെടുന്നു. അത് ആയുർവേദത്തിന്റെ ശാസ്ത്രീയതയ്ക്കു ഹാനികരമല്ലേ*

ആയുർവേദം സാമൂഹികമായ ശാസ്ത്രമാണ്. സമൂഹം ആചാരങ്ങളും വിശ്വാസങ്ങളും ഉൾക്കൊള്ളുന്നതാണ്. അവയ്ക്കെല്ലാം അടിസ്ഥാനം അനുഭവങ്ങളാകുമല്ലോ. രോഗവും ആരോഗ്യവുമെല്ലാം ജീവിതത്തിന്റെ പ്രതിഫലനമാണ്. ജീവിതസമ്പ്രദായത്തെ(Life style) അവഗണിച്ചുകൊണ്ടു ആവക വിഷയങ്ങളെക്കുറിച്ചു പ്രായോഗികമായി പ്രയോജനകരമായി ചിന്തിയ്ക്കാൻ കഴിയുകയില്ല. അതുകൊണ്ടാണ് ആയുർവേദഗ്രന്ഥങ്ങളിൽ അവയെല്ലാം വന്നുപെട്ടിരിയ്ക്കുന്നത്. കാലദേശഭേദംകൊണ്ട് രൂപത്തിൽ കുറെയൊക്കെ മാറ്റം വന്നാലും ഭാവത്തിൽ വലിയ വ്യത്യാസം കൂടാതെ അതെല്ലാം എന്നെന്നും നിലനിൽക്കുമെന്നു കരുതണം.

*? ആധുനികചികിത്സ നിത്യം ഗവേഷണങ്ങൾ കൊണ്ട് പരിഷ്ക്കരിക്കപ്പെടുമ്പോൾ, ആയുർവേദം ഇപ്പോഴും പഴേപോലെ നിലനിൽക്കുന്നു. അതിപ്രാചീനങ്ങളായ ചരകസുശ്രുതഗ്രന്ഥങ്ങ ളാണ് ആയുർവേദ കോളേജുകളിൽ ഇപ്പോഴും മൗലികമായി പഠിപ്പിക്കപ്പെടുന്നത്*

ജനിച്ചന്നുമുതൽ മരിയ്ക്കുന്നന്നുവരെ ആയുഷ്ക്കാലം മുഴുവൻ, ശരീരത്തിന്റെ സ്വഭാവികങ്ങളായ പരിണാമങ്ങളും ഭാവഭേദങ്ങളുമെല്ലാം, ആദ്യത്തെ മനുഷ്യൻ മുതൽ ഇന്നത്തെ മനുഷ്യൻ കൂടി, മാറ്റമില്ലാതിരിക്കുന്നു. ചുരുക്കത്തിൽ പ്രകൃതിയ്ക്കു പറയത്തക്ക മാറ്റമുണ്ടാകുന്നില്ല. ഈ പരിണാമങ്ങളെക്കുറിച്ചുള്ള പഠനമാണ് ആയുർവേദം. ആയുസ്സിന്റെ വേദമാണ് ആയുർവേദം. ശാരീരികങ്ങളായ ഭാവങ്ങളുടെ അനുഭവാത്മകമായ പഠനമാണ് ആയുർവേദത്തിൽ. ചികിത്സയ്ക്കു ഉപയോഗിയ്ക്കപ്പെടുന്ന ദ്രവ്യങ്ങളുടെ ഗുണത്തേയും കർമ്മത്തേയും കുറിച്ചു വസ്തുനിഷ്ഠമായ പഠനം ഉണ്ട്. ഇത്രയും

കാലം കൊണ്ടു അവയ്ക്കു ഒരു മാറ്റവും വന്നതായി തോന്നുന്നില്ല. അതുകൊണ്ടാണല്ലോ ചരകത്തിലും സുശ്രുതത്തിലും മറ്റുപ്രാചീന ഗ്രന്ഥങ്ങളിലും വിധിയ്ക്കപ്പെട്ടിരിയ്ക്കുന്ന ഔഷധങ്ങൾ, ഔചിത്യത്തോടുകൂടി ഉപയോഗിക്കുമ്പോൾ, ഇപ്പോഴും രോഗത്തെ ശമിപ്പിക്കുവാൻ പ്രയോജനപ്പെടുന്നത്. സാഹചര്യത്തിന്റെയും സൗകര്യത്തിന്റെയും വ്യത്യാസം കണക്കിലെടുത്ത് പ്രയോഗത്തിൽ കാലോചിതമായ വ്യത്യാസം ആയുർവേദത്തിൽ എന്നും വന്നുകൊണ്ടിരുന്നിട്ടുണ്ട്. ഇപ്പോഴും വന്നുകൊണ്ടിരിക്കുന്നുണ്ട്. അലോപ്പതി വൈദ്യശാസ്ത്രത്തെക്കുറിച്ചു ഞാൻ നിഷ്ക്കര്‍ഷിച്ചു പഠിച്ചിട്ടില്ല. കഴിഞ്ഞ അമ്പത്തഞ്ചുകൊല്ലമായി ഞാൻ ആയുർവേദചികിത്സകനായി പ്രവർത്തിക്കുന്നു. ധാരാളം രോഗികൾ വരുന്നു. നല്ലൊരു ശതമാനം പേർക്കു ആശ്വാസം നൽകാൻ കഴിയുന്നു. പ്രായോഗികമായി പറയത്തക്ക ബുദ്ധിമുട്ടൊന്നും എനിയ്ക്കനുഭവപ്പെട്ടിട്ടില്ല.

*? ലോകത്തിൽ പുതിയ പുതിയ രോഗങ്ങൾ ഉണ്ടാവുന്നതായി കാണുന്നു. പഴയ സമ്പ്രദായങ്ങൾ വെച്ചുകൊണ്ടു എങ്ങനെ ഈ പുതിയ രോഗങ്ങളെ ചികിത്സിക്കുവാൻ കഴിയും*

ശാസ്ത്രം മുഴുവൻ ഉദാഹരണമാണെന്നാണ് ആചാര്യന്മാർ പറഞ്ഞിട്ടുള്ളത്. ഏതുരോഗവും ശരീരത്തിന്റെ ഭാവഭേദമാണ്. ഭാവത്തെക്കുറിച്ചു നിഷ്കൃഷ്ടമായ ജ്ഞാനമുണ്ടെങ്കിൽ, സ്വഭാവികമായിത്തന്നെ ഏതു ഭാവഭേദത്തെക്കുറിച്ചും അതിനുള്ള കാരണത്തെക്കുറിച്ചും അതിനുള്ള പരിഹാരത്തെക്കുറിച്ചും ഊഹിക്കാനും, അതിനനുസരിച്ചു പ്രവർത്തിയ്ക്കാനും കഴിയും. കുറെ രോഗങ്ങളും അവയ്ക്കുള്ള ചികിത്സകളുമല്ല ആയുർവേദം അവയ്ക്കെല്ലാം പിന്നിലുള്ള സ്വഭാവമാകുന്നു. ഏതു ചികിത്സാ സമ്പ്രദായപ്രകാരവും ലക്ഷണങ്ങളാണല്ലോ രോഗത്തെക്കുറിച്ചു പ്രാഥമികമായ അറിവു നൽകുന്നത്. ലക്ഷണങ്ങളെ അപ്പപ്പോഴത്തെ അവസ്ഥയെക്കുറിക്കുന്ന ശരീരത്തിന്റെ ഭാഷയെന്നു പറയാം. ലക്ഷണങ്ങൾ ശരീരത്തിന്റെ ഭാവഭേദത്തെക്കുറിക്കുന്നു. ഇതുവരെ അതാതു രോഗത്തിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള ലക്ഷണങ്ങളെ ക്രോഡീകരിച്ചു ഒരു പട്ടികയുണ്ടാക്കുകയാണെങ്കിൽ അതിൽപ്പെടാത്ത ഒരു ലക്ഷണവും ഒരു പുതിയ രോഗത്തിലുമുണ്ടാകുന്നില്ല എന്നു കാണാം. അതാതു സാഹചര്യത്തോടും സമ്പ്രദായത്തോടുമുള്ള ശരീരത്തിന്റെ പ്രതികരണമാണല്ലോ രോഗം. ശരീരത്തിന്റെ പ്രതികരണത്തിനു നിയതമായ, നിശ്ചിതമായ സമ്പ്രദായമുണ്ട്. ആ സമ്പ്രദായത്തെ വിവരിക്കുന്നതാണു ആയുർവേദം. ആയുർവേദത്തിൽ നിഷ്കൃഷ്ടമായ

ജ്ഞാനമുള്ളവർക്ക് ഒരു പുതിയ രോഗവും പ്രശ്നമാകുന്നില്ല. തല്ക്കാലമൊന്നാലോചിക്കണമെന്നുമാത്രം.

*? ആഗോളവത്ക്കരണം ആയുർവേദത്തിനു രാജ്യാന്തരപ്രശസ്തി ഉണ്ടാക്കിയിരിക്കുന്നു*

അതുകൊണ്ട് ലോകത്തിലെ എല്ലാ രാജ്യങ്ങളിലും ആയുർവേദം നിഷ്കർഷിച്ചു പഠിക്കപ്പെടുവാനിടവരികയാണെങ്കിൽ അതൊരു നല്ല കാര്യമാണ്. രോഗാരോഗ്യപരമായി സമാധാനം കാണാൻ വിഷമമുണ്ടാക്കുന്ന അനേകം സമസ്യകൾക്കു അതു പരിഹാരം നൽകിയേക്കാം. പക്ഷേ, ഔഷധവാണിജ്യമാണുദ്ദേശിക്കപ്പെടുന്ന തെങ്കിൽ, അതു വ്യാപാരത്തിന്റെ വിഷയമാണ്. വ്യാപാരം ശാസ്ത്രത്തിന്നു ഹാനികരമാകുന്നു.

*? ആയുർവേദത്തിന്റെ ഭാവിയെക്കുറിച്ച്*

തികച്ചും ശുഭമായ പ്രതീക്ഷയാണുള്ളത്. ഒന്നാമത് അതുചർച്ചചെയ്യപ്പെടുന്നു. ചർച്ച അവബോധത്തെ വളർത്താതിരിക്കു കയില്ല. രണ്ടാമത് വിദ്യാർത്ഥികളുടെ ഇടയിൽ ആയുർവേദത്തെക്കുറിച്ചു കൂടുതലൊരു അഭിനിവേശം ഉണ്ടായിക്കൊണ്ടിരിയ്ക്കുന്നു. ആയുർവേദ ത്തിന്റെ തനിമയെക്കുറിച്ചു അറിവുനേടുന്നതിനു എന്നെപ്പോലുള്ള വൃദ്ധവൈദ്യന്മാരെ സമീപിക്കുന്നതിനുള്ള താൽപര്യമുണ്ടായതായി കാണുന്നു. വിദ്യാർത്ഥികളിലാണു ഞാൻ ആയുർവേദത്തിന്റെ ഭാവിയെ കാണുന്നത്. അവർ എനിയ്ക്കു വളരെ നല്ല പ്രതീക്ഷ ഉളവാക്കുന്നു.

മദ്രാസ്സിലെ ജയേന്ദ്രസരസ്വതി ആയുർവേദ കോളേജിലെ വിദ്യാർത്ഥികൾ, പഠനപര്യടനത്തിന്നിടയ്ക്കു ഇവിടെ വന്നു ഏതാനും മണിക്കൂർ ചിലവാക്കുകയുണ്ടായി. അവരുന്നയിച്ച ചില ചോദ്യങ്ങളാണു താഴെ ചേർക്കുന്നത്.

*? പ്രമേഹത്തിൽ കരപാദദാഹം എന്നു പൂർവ്വ രൂപത്തിലുണ്ടല്ലോ. ആ അവയവങ്ങൾക്കു എന്താണു പ്രത്യേകത*

മറ്റേതെങ്കിലും രോഗത്തിൽ അങ്ങനെയൊരു ലക്ഷണമുണ്ടാകുന്നുവോ എന്നു ശ്രദ്ധിക്കണം. ഏതു തരത്തിലുള്ള ദോഷ ദൂഷ്യവികാരം കൊണ്ടാണതുണ്ടാവുക എന്നു നോക്കണം. വാതരക്ത വികാരങ്ങളിൽ അതു കാണാറുണ്ടെന്നു തോന്നുന്നു. പ്രമേഹ നിദാനത്തിൽ അമ്ലലവണങ്ങളും പറയപ്പെട്ടിട്ടുണ്ട്. അവ പിത്തത്തേയും രക്തത്തേയും കോപിപ്പിക്കുന്നു. ഓരോ

ലക്ഷണത്തിന്റേയും സമ്പ്രാപ്തിയെക്കുറിച്ചു ചിന്തിക്കുന്നത് ബുദ്ധിവികാസത്തിനു നന്നാവും. കാരണമറിഞ്ഞാലും ഇല്ലെങ്കിലും, അങ്ങനെ അനുഭവമുണ്ട് എന്നതു വാസ്തവം. ഇത്തരം ഒരു സന്ദർഭത്തിൽ, വാഗ്ഭടൻ, അഷ്ടാംഗസംഗ്ര ത്തിൽ, ഏതേ ചാന്യേ ച ബഹവഃ ജ്ഞേയാഃ ദുർല്ലഭഹേതുകാഃ/ ആഗമേനോപയോക്തവ്യാഃ - ഇവയും ഇവപോലുള്ള മറ്റു പലതും കാരണം അത്രവ്യക്തമല്ലാത്തതുകൊണ്ട്, ആപ്തവാക്യം കൊണ്ടു അംഗീകരിക്കപ്പെടേണ്ടതാകുന്നു എന്നു പറയുന്നു. കൂടുതൽ ആലോചിച്ചു കൂടുതൽ എന്തെങ്കിലും യുക്തി തോന്നിയാൽ ഇനിയുള്ള സംവാദങ്ങളിൽ ഉൾപ്പെടുത്തുന്നതാകുന്നു.

*? രോഗിയിൽ പ്രകൃതി മനസ്സിലാക്കുന്നതെങ്ങനെ*

അഷ്ടാംഗഹൃദയം ശാരീരം മൂന്നാമധ്യായത്തിൽ ഓരോ പ്രകൃതിയുടെ ലക്ഷണങ്ങളും പറയപ്പെട്ടിട്ടുണ്ടല്ലോ - അതുവെച്ചുതന്നെ അറിയണം.

*? ഓജസ്സ് സൈദ്ധാന്തികമായി മാത്രം അസ്തിത്വമുള്ളതാണോ*

ഓജസ്സിന്റെ ലക്ഷണങ്ങൾ പറയപ്പെട്ടിട്ടുണ്ടല്ലോ. ഓജഃക്ഷയത്തിലെ ലക്ഷണങ്ങളും പറയപ്പെട്ടിട്ടുണ്ട്. ഓജസ്സു എന്നൊരു വസ്തു ധാതുക്കളിൽ നിന്നു വേറിട്ടെടുത്തു പരിശോധിക്കുവാൻ കഴിയുമോ? ദോഷങ്ങളെക്കുറിച്ച് - ലക്ഷണാനുമേയാഃ വാതാദ്യാഃ എന്നുണ്ട്. വാതം മുതലായവ ലക്ഷണങ്ങൾകൊണ്ടു അനുമിക്കപ്പെടേണ്ടതാണു എന്നു സാരം. അതുതന്നെ ഓജസ്സിനെ കുറിച്ചും പറയാമെന്നുതോന്നുന്നു. ശുക്ലാന്തങ്ങളായ ധാതുക്കളുടെ സുസ്ഥിതിയിൽ അനുഭവപ്പെടുന്ന തേജസ്സു എന്നാണല്ലോ അതു പറയപ്പെട്ടിരിക്കുന്നത്. അല്പം പ്രത്യക്ഷം, അനല്പം അനുമേയം എന്നാണല്ലോ ചരകൻ പറയുന്നത്. അനുഭവം കൊണ്ടു അറിയപ്പെടുന്ന ഭാവത്തെ അംഗീകരിക്കുകയേ കഴിയൂ.

*? ഗ്രഹാവേശത്തിൽ യഥാർത്ഥത്തിൽ സംഭവിയ്ക്കുന്നതെന്താണ്*

ഒരു വ്യക്തിയിൽ മറ്റൊരു വ്യക്തിത്വംകൂടി കടന്നുകൂടി കീഴ്പ്പെടുത്തുന്നതുപോലുള്ള അനുഭവമാണ് ഗ്രഹാവേശമെന്നു പറയാം. തന്റേതല്ലാത്ത അറിവുകളേയും അനുഭവങ്ങളേയും പ്രകടിപ്പിയ്ക്കു മ്പോൾ, അത് ബാഹ്യമായ എന്തിന്റേയോ ആവേശമാണെന്നു കരുതപ്പെടുന്നു. ഗ്രഹബാധ ആഗന്തുകരോഗമാണെന്നു ആചാര്യന്മാർ പറയുന്നു. ആവേശിയ്ക്കപ്പെട്ട ആളുടെ വിശ്വാസങ്ങൾക്കും ഉപബോധമനസ്സിലെ സങ്കല്പങ്ങൾക്കുമെല്ലാം അതിൽ

പങ്കുണ്ടാകാം. ജ്യോത്സ്യംകൊണ്ടു ഇന്നതാണു തന്നെ ബാധിച്ചിരിക്കുന്നതെന്നു ബോധമുളവാക്കി, മന്ത്രവാദംകൊണ്ട് അത് തന്നെ വിട്ടുപോയന്ന ബോധമുളവാക്കുമ്പോൾ ആശ്വാസം ലഭിക്കുന്നു. ഇപ്പോഴും അത്തരത്തിലുള്ള അനുഭവങ്ങൾ തീരെയില്ലാതായിട്ടില്ല. എന്നാൽ ആചാരത്തിന്റെയും വിചാരത്തിന്റെയും വിശ്വാസത്തിന്റേയും വ്യത്യാസം നിമിത്തം വളരെ കുറഞ്ഞിട്ടുണ്ട് എന്നുതോന്നുന്നു. ചോറ്റാനിക്കര, ഏറ്റുമാനൂർ തുടങ്ങിയ അമ്പലങ്ങളിലും, നാടിന്റെ നാനാഭാഗങ്ങളിലുമുള്ള ധ്യാനകേന്ദ്രങ്ങളിലും മറ്റും തിക്കികൂടുന്ന ആളുകളെ ഓർക്കുക.

*? ആധുനിക രീതിയിലുള്ള രോഗപരീക്ഷണോപാധികൾ എങ്ങനെയാണു പയോഗിക്കപ്പെടുന്നത്*

കുറെയൊക്കെ സൗകര്യത്തെ വർധിപ്പിയ്ക്കാം. കുറച്ചുകൂടെ വ്യക്തതയെ നൽകിയേക്കാം. പക്ഷെ അതുകൊണ്ടു സാമാന്യമായി Structural ആയ അറിവാണുകിട്ടുക എന്നു തോന്നുന്നു. ത്രിദോഷങ്ങൾ മൗലികമായി functional ആണല്ലോ. ശസ്ത്രക്രിയക്കും മറ്റും Structural ആയ അറിവു ഒഴിച്ചുകൂടാത്തതാണ്. രണ്ടുംകൂടി കുറെയൊക്കെ യോജിപ്പിച്ചു മനസ്സിലാക്കുന്നതിനു ആയുർവേദക്കാർക്കു കഴിയേണ്ടതാണ്.

*? അവസ്ഥാപാകവും വിപാകവും*

അവസ്ഥാപാകമെന്നത് അന്നത്തിനു കോഷ്ഠത്തിൽ അതാതു ദോഷത്തിന്റെ സ്ഥാനത്തുവെച്ചു നടക്കുന്ന പാകമാണ്. മറ്റു ശരീരഘടകങ്ങൾക്കൊപ്പം ദോഷങ്ങൾക്കും അന്നന്നു ക്ഷയമുണ്ടാകുന്നു. ക്ഷയത്തെത്തീർത്തു ആഹാരത്തിൽ നിന്നു അതാതിന്റെ അംശം ഉൾക്കൊണ്ട് അന്നന്നു പുഷ്ടിയെ ഉണ്ടാക്കുന്നത് അതാതു സ്ഥാനത്തു വെച്ചുനടക്കുന്ന അവസ്ഥാപാകമാണ്. വിപാകമെന്നത് പചനപ്രക്രിയയുടെ അന്തിമമായ അവസ്ഥയെക്കുറിക്കുന്നു. ആഹാരത്തിന്റേയും ഔഷധത്തിന്റേയുമെല്ലാം അത്യന്തികമായ പ്രയോജനം സാമാന്യമായി വിപാകംകൊണ്ടാണു അനുഭവപ്പെടുക എന്നു കരുതാം. വിപാകത്തെക്കുറിച്ചു പിലേ പക്ഷങ്ങളുള്ളതും ശ്രദ്ധേയമാകുന്നു.

*? പ്രഭാവത്തെ വിശദീകരിക്കാമോ*

പ്രഭാവം കർമ്മവിശേഷമാകുന്നു. ദ്രവ്യത്തിലെ രസം, ഗുണം, വിപാകം, വീര്യം എന്നിവകൊണ്ടു വിശദീകരിക്കാൻ കഴിയാത്ത, പലപ്പോഴും

അവകൊണ്ടുള്ളതിൽനിന്നു തികച്ചും വ്യത്യസ്തമായ, ചിലപ്പോൾ വിപരീതം തന്നെയായ കർമ്മമുണ്ടാകുമ്പോൾ, അതിനെ പ്രഭാവം കൊണ്ടുള്ളതെന്നുപറയുന്നു. ഭൂതഘടനാവ്യത്യാസംകൊണ്ട് അതിനെ വ്യാഖ്യാനിയ്ക്കാൻ കഴിയുകയില്ല. പ്രഭാവത്തെ സംബന്ധിച്ചും പലേ വ്യാഖ്യാനഭേദങ്ങൾ കാണപ്പെടുന്നുണ്ട്.

*? പ്രഭാവവും വിചിത്രപ്രത്യയാരബ്ധവും എങ്ങനെ വ്യത്യസ്തമായിരിക്കുന്നു*

വിചിത്രപ്രത്യയാരബ്ധത്തെ ഭൂതങ്ങളുടെ ഘടനാഭേദംകൊണ്ടു വ്യാഖ്യാനിയ്ക്കാൻ കഴിയും. പ്രത്യയം എന്നതിനു ദ്രവ്യത്തെ സംബന്ധിച്ച് ഭൂതഘടന എന്നു താൽപര്യമാകുന്നു. ദ്രവ്യത്തിലെ രസം മുതലായ ഓരോന്നിനും കാരണമായി, ഓരോരോ തരത്തിലുള്ള തേജസ്സംയോഗം പറയപ്പെട്ടിട്ടുണ്ട്. ദ്രവ്യത്തിന്റെ ഘടകങ്ങളായ പഞ്ചഭൂതങ്ങളിൽ ഓരോന്നിനും ദ്രവ്യത്തിന്റെ നിഷ്പത്തിയിലും സ്ഥിതിയിലും വിശിഷ്ടമായ കർമ്മമുണ്ട്. അഗ്നിയുടെ കർമ്മം പാകമാകുന്നു. അതാതിന്നൊത്ത ഭൂതഘടനയിൽ അതാതിന്നൊത്ത പാകവിശേഷംകൊണ്ട് (വിജാതീയ തേജസ്സംയോഗം കൊണ്ട്) ദ്രവ്യത്തിൽ അതാതു തരത്തിലുള്ള രസവും ഗുണവുമെല്ലാം ഉണ്ടാകുന്നു. ഒരേതരത്തിലുള്ള ഭൂതഘടനയാണ് രസാദികളിൽ ഓരോന്നിനും കാരണമാകുന്നതെങ്കിൽ അതിനെ സമാനപ്രത്യയാരബ്ധമെന്നു പറയുന്നു. അതിൽ രസാദികളിൽ ഓരോന്നിനും പരസ്പരം കർമ്മത്തിനു അനുഗുണ്യം കാണും. രസാദികളിൽ ചിലതിന്നോ പലതിന്നോ പാകവിശേഷത്തിനു വിധേയമാകുന്ന ഭൂതഘടനയ്ക്കു വ്യത്യാസം വരുമ്പോൾ വിചിത്രപ്രത്യയാരബ്ധമെന്നു പറയുന്നു. അപ്പോൾ, ദ്രവ്യത്തിന്റെ കർമ്മത്തിനു വ്യത്യാസം വരുന്നു. ഇങ്ങനെയുള്ള ഭൂതഘടനാവ്യ ത്യാസമല്ല പ്രഭാവത്തിനുള്ളത്. ഭൂതഘടനകൊണ്ടു വിശദീകരിയ്ക്കാൻ കഴിയാതെ കർമ്മവിശേഷത്തെയാണു പ്രഭാവമെന്നുപറയുന്നത്.

*? ദ്രവ്യത്തിനു പലദിക്കിലും അഭിപ്രായഭേദമുണ്ടല്ലോ*

ആയുർവേദത്തിൽ ദ്രവ്യത്തെ അതിലുള്ള ഗുണത്തേയും കർമ്മത്തേയും കൊണ്ടാണല്ലോ വിലയിരുത്തുന്നത്. നാമരൂപങ്ങൾ വ്യത്യസ്തമായിരുന്നാലും, ഗുണകർമ്മങ്ങൾ സമാനമായിരുന്നാൽ, പ്രയോജനത്തിൽ ഭേദം കൂടാതെ, ദ്രവ്യത്തെ ഉപയോഗിക്കാൻ കഴിയും. യുഞ്ജ്യാൽ തദ്വിധമന്യച്ച എന്നുണ്ടല്ലോ. അതാതു ദിക്കിൽ അധികമായി കിട്ടിയിരുന്ന ദ്രവ്യങ്ങൾ അതാതു ദിക്കിൽ ഉപയോഗിക്കപ്പെട്ടിരുന്നു എന്നുവരാം. കയറ്റിറക്കിന്റേയും യാത്രയുടേയും സൗകര്യത്തെ സംബന്ധിച്ച പ്രശ്നങ്ങളുമുണ്ടാകാം.

ഭാവപ്രകാശത്തിൽ പ്രതിനിധിദ്രവ്യങ്ങളെ (പകരം ഉപയോഗിക്കാവുന്നവയെ) കുറിച്ചു പറയുന്നുണ്ടല്ലോ -അങ്ങനെ ഉപയോഗിച്ചുവന്ന ദ്രവ്യത്തെ, ഉദ്ദിഷ്ടമായ ദ്രവ്യത്തിന്റെ പേരിൽത്തന്നെ പറഞ്ഞു തുടങ്ങുകയും ചെയ്തിരിക്കാം.

*? തിലം രാത്രിയിൽ നിഷേധിച്ചിരിക്കുന്നതു എന്തുകൊണ്ട്*

എന്തെങ്കിലും കാരണമുണ്ടായിരിക്കാം. തൈരു രാത്രി നിഷേധിച്ചിരിക്കുന്നുണ്ടല്ലോ. ആയുർവേദത്തിലെ വിധിനിഷേധങ്ങൾക്കു മൗലികമായി അഹിതമായ അനുഭവമാകാം കാരണം. ഇതുവായിക്കുന്ന ആർക്കെങ്കിലും അതിനു യുക്തി തോന്നുന്നുണ്ടെങ്കിൽ എഴുതി അറിയിയ്ക്കുക. ഇനിയൊരു സംവാദത്തിൽ ഉൾപ്പെടുത്താം.

*? അഗ്ര്യൗഷധങ്ങളായി പറയപ്പെട്ട ദ്രവ്യങ്ങൾ മാത്രമുപയോഗിച്ചു ചികിത്സിക്കാനാവുമോ*

അഗ്ര്യൗഷധങ്ങൾ സാമാന്യമായി വ്യാധിവിപരീതങ്ങളാകും. അഗ്ര്യൗഷധങ്ങളോടൊപ്പം മറ്റുള്ള ഔഷധങ്ങളുംകൂടിച്ചേർത്താവും അതാതു രോഗത്തിനു യോഗങ്ങൾ ഉണ്ടാക്കിയിരിക്കുക. അഗ്ര്യൗഷധം തന്നെ പലപ്പോഴും ഉദാഹരണമായിരിക്കും. അതാതു രോഗത്തിൽ പ്രത്യക്ഷപ്പെടാനിടയുള്ള സമ്പ്രാപ്തിവിശേഷംകൊണ്ടുള്ള ലക്ഷണവിശേഷങ്ങളേയും കൂടി കണക്കാക്കിയാവും യോഗങ്ങൾ ഉണ്ടാക്കിയിരിക്കുക. രോഗത്തിനു ഹേതുവായ ദോഷത്തിന്റെ വൈഷമ്യത്തെക്കൂടി പരിഗണിയ്ക്കേണ്ടതുണ്ടല്ലോ. അതുകൊണ്ടു അഗ്ര്യൗഷധം മാത്രമുപയോഗിച്ചുള്ള ചികിത്സ സമഗ്രമാവുകയില്ല.

(മദ്രാസ് ജയേന്ദ്രസരസ്വതി ആയുർവേദകോളേജിലെ വിദ്യാർത്ഥി കളെ കുറിച്ചു സന്തോഷം തോന്നി. അവർക്കു യുക്തിയുക്തമായി ചോദ്യം ചോദിയ്ക്കാനുള്ള കഴിവുണ്ടായിരിക്കുന്നു. അവർ ആയുർവേദം സമഗ്രമായി താല്പര്യപൂർവ്വം പഠിക്കുന്നു. അവിടുത്തെ അധ്യാപകരേയും അഭിനന്ദിക്കുന്നു.)

ഒരു ദിവസം ശാസ്ത്ര ചർച്ചയ്ക്കായി വന്നെത്തിയ വിദ്യാർത്ഥി കളോടു എന്തെങ്കിലും ചോദ്യങ്ങളുന്നയിക്കാൻ നിർദ്ദേശിച്ചു. അവർ ചോദിച്ച ചോദ്യങ്ങളും അവയ്ക്കു നൽകപ്പെട്ട സമാധാനങ്ങളുമാണ് താഴെ.

*? സാറിന്റെ അടുത്ത് ഇരിക്കുമ്പോൾ പരസ്പരം ബന്ധമില്ലെന്നു തോന്നുന്ന അനേകം രോഗങ്ങൾക്കു ഒരേ ഔഷധം തന്നെ നിശ്ചയിക്കുന്നതായി കാണുന്നു. പിന്നെത്തെ ആഴ്ചയിൽ വിവരം പറയാൻ വരുമ്പോൾ, സാമാന്യമായി ആശ്വാസമുണ്ടെന്നു പറയുകയും ചെയ്യുന്നു. ഇതെങ്ങനെ സംഭവിക്കുന്നു.*

സ്ഥാനസംശ്രയംകൊണ്ടാണു രോഗഭേദമുണ്ടാവുന്നത്. സ്ഥാനമേതായാലും പലപ്പോഴും വൈഷമ്യം പ്രാപിച്ച ദോഷത്തെ പ്രധാനമാക്കി ചികിത്സിച്ചാൽ രോഗം ശമിക്കും. ദശമൂലഹരീതകിയോഗം നോക്കുക. പ്രവൃദ്ധശോഫജ്വരമേഹഗുല്മകാർശ്യാമവാതാസ്ലക രക്തപിത്തം വൈവർണ്യമൂത്രാനിലശുക്ലദോഷശ്വാസാരുചി പ്ലീഹഗരോദരംച - ഈ രോഗങ്ങളിൽ മാത്രമല്ല, ഇതുപോലുള്ള മറ്റു രോഗങ്ങളിലും അത്യുപ്രശസ്തമാകുന്നു. സ്ഥാനാനുരോധേന എന്തെങ്കിലും ഔഷധം കൂടി ഞാൻ നിർദ്ദേശിക്കാറുണ്ടല്ലോ ചികിത്സ കണ്ടും ചോദിച്ചും തന്നെ പഠിയ്ക്കണം എന്നാലേ ഉറയ്ക്കൂ.

*? കോളേജിൽ മിക്ക രോഗികൾക്കും പഞ്ചകർമ്മചികിത്സ നിശ്ചയിച്ചു കാണുന്നു. ഇവിടെ പഞ്ചകർമ്മചികിത്സ നിശ്ചയിച്ചു കാണുന്നില്ല. എന്തുകൊണ്ടാണത്*

ശോധനാർഹങ്ങളും ശമനാർഹങ്ങളും എന്നു ചികിത്സയെ തിരിച്ചിട്ടുണ്ടല്ലോ. അത്രതന്നെ ദോഷവൃദ്ധിയില്ലെങ്കിൽ ശമനചികിത്സമതിയാവും. പഞ്ചകർമ്മചികിത്സ ചിലവും ബുദ്ധിമുട്ടും അധികമുള്ളതാണല്ലോ. ചികിത്സയെ ലളിതവും ലഘുവുമാക്കണമെന്നു ഞാൻ വിചാരിക്കാറുണ്ട്. ഇക്കാലത്തു പണക്കാർക്കും താങ്ങാൻ കഴിയാത്തതാണു ചികിത്സയുടെ ചിലവ് എന്ന ആവലാതി കേൾക്കുന്നുണ്ടല്ലോ? ഇവിടെ അധികവും ഇടത്തരക്കാരും സാധാരണക്കാരുമാകാം സാമാന്യമായി ചികിത്സക്കു വരുന്നത്. ഇക്കാലത്തുണ്ടാവുന്ന മിക്കവാറും രോഗങ്ങൾ ശമനചികിത്സകൊണ്ടു ശമിക്കുന്നതാണ് എന്നാണു എന്റെ ചികിത്സാനുഭവം. ഒഴിച്ചുകൂടാത്തതെങ്കിൽ ഞാനും ശോധനചികിത്സ നിർദ്ദേശിക്കാറുണ്ട്. ഇവിടെ അതിനുള്ള സൗകര്യമില്ലാത്തതുകൊണ്ട് അതുള്ള ദിക്കിലേക്കു പറഞ്ഞയക്കുകയാണുപതിവ്.

*? സാറിനു ദശമൂലഹരീതകീലേഹ്യം പ്രധാനപ്പെട്ട മരുന്നായിത്തോന്നുന്നു. വ്യത്യസ്തമായ രോഗത്തിനു വ്യത്യസ്തമായ മരുന്നുവേണ്ടേ*

നേരത്തെ ഞാൻ പറഞ്ഞ ഉത്തരം ശ്രദ്ധിച്ചല്ലോ. ഇക്കാലത്തെ ജീവിതശൈലികൊണ്ട് സാമാന്യമായി വർധിയ്ക്കുന്ന ദോഷങ്ങൾ കഫവാത പ്രധാനങ്ങളാണ്. സ്രോതോരോധവുമുണ്ടാകുന്നു. അങ്ങനെയുള്ള സന്ദർഭങ്ങളിൽ അനുഭവം കൊണ്ടു ഏറ്റവും വിശിഷ്ടമായിത്തോന്നിയിട്ടുള്ളത് ദശമൂലഹരീതകിയാകുന്നു.

*? സ്കൂൾ പാഠപുസ്തകത്തിലും മറ്റും പാൽ കഴിക്കണം എന്നാണു*

*പറഞ്ഞുകാണുന്നത്. എന്നാൽ ഇവിടെ പാൽ കഴിക്കരുതെന്നു പറയുന്നു എന്തുകൊണ്ടാണിത്*

പാലിന്റെ ഗുണം പശുവിനു നൽകുന്ന തീറ്റയും പരിചരണവും അനുസരിച്ചിരിക്കുമല്ലോ? പലതരത്തിലുള്ള കൃത്രിമരാസവസ്തുക്കളും മറ്റും ചേർത്താണു ഇക്കാലത്തു കാലിത്തീറ്റ ഉണ്ടാക്കുന്നത്. സ്റ്റിറോയിഡും മറ്റും അടങ്ങിയ ഔഷധങ്ങൾ പശുക്കൾക്ക് വേണമെങ്കിലും ഇല്ലെങ്കിലും കൊടുക്കുന്നു. മേഞ്ഞുനടക്കുന്ന, നല്ല പുല്ലുതിന്നുന്ന പശുക്കളുടെ പാലിൽ, അതിനു പറഞ്ഞിട്ടുള്ള ഗുണങ്ങൾ അടങ്ങിയിരിക്കും. പ്രത്യേകിച്ചു ഇക്കാലത്ത് ജനങ്ങൾ അഗ്നിദീപ്തി കുറഞ്ഞവരുമാ യിരിയ്ക്കുന്നു. കൊടുക്കുന്ന തീറ്റയുടെ തകരാറുകൊണ്ട് പശുക്കളുടെ പാലും മാംസവും കഴിക്കുന്നവർക്കും മനോരോഗങ്ങൾ കൂടി ബാധിക്കുന്നതായി ഇംഗ്ലണ്ടിൽ നിന്നുള്ള റിപ്പോർട്ടുകളിൽ കാണുന്നു. പാലിന്റെ പ്രയോജനം ധാരാളം പച്ചക്കറികൾ ഉപയോഗിക്കുകകൊണ്ടു സാമാന്യമായി സിദ്ധിക്കുമെന്നും കരുതാവുന്നതാണ്.

*സാധാരണ മറ്റു വൈദ്യന്മാർ പഥ്യത്തിൽ നിഷ്ക്കർഷിക്കുന്നതായി കാണുന്നില്ല. പക്ഷെ ഇവിടെ പഥ്യത്തിനു ഇത്രയധികം പ്രാധാന്യം നൽകുന്നതിനു കാരണമെന്ത്*

പല വൈദ്യന്മാരും പഥ്യം നിർദ്ദേശിക്കാത്തതു രോഗികൾക്കു അസൗകര്യമാകും, അവർ അനുസരിക്കുകയില്ല എന്ന സങ്കല്പം കൊണ്ടാണ്. രോഗകാരണം അപഥ്യമായ ജീവിതമാണ്. പഥ്യംകൊണ്ടു മാത്രമേ രോഗം നിശ്ശേഷം ശമിക്കുകമാത്രമല്ല വീണ്ടും വരാതിരിക്കുകയും ചെയ്യുകയുള്ളു എന്ന വസ്തുതയുടെ പ്രചാരം നൽകി ഒരുതരം Health Education ന്റെ പ്രയോജനംകൂടി ചികിത്സകൊണ്ടു ഞാനുദ്ദേശിക്കുന്നു. എന്നുമാത്രമല്ല, പഥ്യത്തോടുകൂടിയുള്ള ഔഷധംകൊണ്ടു രോഗം വേഗത്തിൽ എളുപ്പത്തിൽ ശമിക്കുന്നു. ചികിത്സ ലളിതമാക്കാം, ചിലവും കുറയ്ക്കാം. എന്റെ അനുഭവം ഒരു മടിയും കൂടാതെ രോഗികൾ പഥ്യം അനുസരിക്കുന്നു എന്നതാണ്. വൈദ്യൻ നിർദ്ദേശിക്കാത്തതുകൊണ്ടാണ് രോഗി അനുസരിയ്ക്കാത്തതു എന്നതാണു വസ്തുത.

*? ഇക്കാലത്തു അങ്ങാടിയിൽ കിട്ടുന്ന മരുന്നുകൾ പലതും Original അല്ല എന്നു കേൾക്കുന്നു. പിന്നെ എങ്ങനെ രോഗം മാറുന്നു*

ഈ വിചാരം എന്നെയും അലട്ടുന്നു. ഞാൻ വിചാരിയ്ക്കുന്നതു പകരം ചേർക്കുന്ന ഔഷധങ്ങളും ഉദ്ദേശിയ്ക്കുന്ന ഔഷധങ്ങളുടെ ഗുണങ്ങൾ കുറെ

ഒക്കെ അടങ്ങിയതാകണം എന്നാണ്. പ്രതിനിധിദ്രവ്യ ങ്ങളെക്കുറിച്ചു പറയപ്പെട്ടിട്ടുണ്ടല്ലോ. ഇതൊരു ഗവേഷണം അർഹിയ്ക്കുന്ന വിഷയമാണ്.

*? ഇയ്യിടെ ഒരു യോഗത്തിൽ, ആയുർവേദത്തിൽ ആധുനികീകരണം ആവശ്യമില്ലെന്നു സാർ പ്രസംഗിച്ചതായി പത്രത്തിൽ വായിച്ചുവല്ലോ*

അങ്ങനെയാണോ ഞാൻ പ്രസംഗിച്ചത്? ആ പ്രസംഗം ഏറെക്കുറെ വസ്തുനിഷ്ഠമായി ന്യൂ ഇന്ത്യൻ എക്സ്പ്രസ്സ് റിപ്പോർട്ടു ചെയ്തിരുന്നു. എവിടെ, എന്തിന്, എങ്ങനെ, ആർക്കുവേണ്ടി ആധുനികീകരിക്കണം എന്നു ആലോചിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ആധുനികീകരണം ആരംഭിച്ചിരിക്കുന്നത് വിദ്യാഭ്യാസരംഗത്താണ്. അധ്യയനമാധ്യമം ഇംഗ്ലീഷാക്കിയിരിയ്ക്കുന്നു. ആയുർവേദത്തിന്റെ അവബോധത്തെ വർദ്ധിപ്പിക്കുന്നതിനു അതുകൊണ്ടു പ്രയോജനപ്പെടുമോയെന്ന് ആലോചിച്ചിട്ടുണ്ടോ? ആയുർവേദത്തിന്റെ ജനകീയതയെ അതു നശിപ്പിക്കുകയില്ലേ? ആഗോളവൽക്കരണത്തിന്റേതായ ഇക്കാലത്തു വിദേശീയരോടു ഇടപെടുന്നതിനു ഇംഗ്ലീഷു ആവശ്യമാണെന്നാണു പറയുന്നത്. ഔഷധനിർമ്മാണത്തിലെ നവീകരണം, ഔഷധത്തിന്റെ കയറ്റുമതിയെ ഉദ്ദേശിച്ചാണ് എന്നുപറയുന്നു. വാണിജ്യവ്യാപാര താല്പര്യങ്ങളാണ് അതിന്റെ പിന്നിലെന്നു തോന്നുന്നു. നമ്മുടെ ആരോഗ്യ സംവിധാനത്തെ സംബന്ധിച്ച്, ആധുനികീകരണം പ്രയോജനകരമോ എന്നും ചിന്തിയ്ക്കുന്നത് നന്നായിരിക്കും. ഭാവാത്മകമായ ആരോഗ്യം കുറഞ്ഞുകൊണ്ടും, രോഗം ആഴത്തിലും പരപ്പിലും വർധിച്ചുകൊണ്ടുമിരിയ്ക്കുന്ന ശോചനീയതയെ പരിഹരിക്കുന്നതിനു ആധുനികീകരണം ഏതെങ്കിലും തരത്തിൽ പ്രയോജനപ്പെടുമോ എന്നൊക്കെയൊണു ഞാൻ പ്രസംഗിച്ചത്. ആധുനികീകരണം ഒരുതരത്തിലുള്ള ഒളിച്ചോടലാണ് എന്നു ഞാൻ കരുതുന്നു.

*വായനക്കാരുടെ കുറിപ്പുകളാണ്*
*ഈ പ്രസിദ്ധീകരണത്തെ വാസ്തവത്തിൽ*
*വൈദ്യസംവാദമാക്കി മാറ്റുന്നത്.*
*നിഷേധിക്കപ്പെടരുതാത്ത ആശയങ്ങളോ*
*സമ്പൂർണ്ണ സമഗ്രങ്ങളായ നിഗമനങ്ങളോ അല്ല ശാസ്ത്രം.*
*അതുകൊണ്ട് അനുവാചകർ വേണം,*
*ഉള്ളടക്കത്തിന്റെ ശിഷ്ടഭാഗം കണ്ടെത്തി, പൂരിപ്പിക്കാൻ.*
*അതിനാണീ സംഭാഷയ്ക്കുള്ള താളുകൾ.*

*എഡിറ്റർ*

ഭാരതീയ വൈദ്യ

# സംവാദം

സബ്സ്ക്രിപ്ഷൻ നിരക്ക്

10 വർഷം - രൂ. 500/-
5 വർഷം - രൂ. 250/-
1 വർഷം - രൂ. 60/-

ചർച്ചകൾ
ശാസ്ത്ര ലേഖനങ്ങൾ
പഠനക്കുറിപ്പുകൾ

സ്ഥാപനങ്ങൾക്ക് ദീർഘകാല വരിസംഖ്യ - രൂ. 5,000/-
ഫൗണ്ടേഷൻ പ്രവർത്തനങ്ങൾക്ക് രൂ. 1,000/- സംഭാവനയായി
നൽകുന്നവർക്ക് ആജീവനാന്തം പുസ്തകം സൗജന്യം

വിലാസം

എഡിറ്റർ, ഭാരതീയ വൈദ്യസംവാദം
വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട് ഫൗണ്ടേഷൻ ഫോർ
ആയുർവേദിക് സ്റ്റഡീസ്
രാജവിഹാർ, ചാലക്കുടി, തൃശ്ശൂർ - 680 307.

## അഷ്ടാംഗ സംഗ്രഹം (പ്രകാശികാവ്യാഖ്യാ)

1. സ്വസ്ഥവൃത്തം - 75.00
2. മൂലസിദ്ധാന്തം - 75.00
3. ദ്രവ്യവിജ്ഞാനം - 75.00
4. ശാരീരം - 75.00
5. കർമ്മപരിചയം - 96.00
6. ശല്യതന്ത്രം - 80.00
7. നിദാനം - 80.00
8. ചികിൽസിതം പൂർവ്വാർദ്ധം - 80.00
9. ചികിൽസിതം പരാർദ്ധം - 90.00
10. ബാലഗ്രഹ ചികിൽസിതം - 60.00
11. ഊർധ്വാംഗ ചികിൽസിതം - 90.00
12. വിഷം, രസായനം, വാജീകരണം - 90.00

**വൈദ്യഭൂഷണം കെ. രാഘവൻ തിരുമുൽപ്പാട്**

REGISTERED WITH THE REGISTRAR OF NEWS PAPERS FOR INDIA
RNI No : KERMAL 10686/11/1/2002-TC

ISO 9001 Registered KPMG The Quality Advantage

# Curing body, the way mind desires...

**TREATMENTS FOR**

**ORTHOPAEDIC**
**RHEUMATIC**
**NEUROLOGICAL &**
**SPORTS INJURIES**

SREERANGOM™
C.V.N. KALARI
CHIKILSAKENDRAM

a traditional ayurvedic kalari hospital
( ISO 9001 Registered )

## ശ്രീരംഗം സി. വി. എൻ. കളരി ചികിത്സാകേന്ദ്രം
## ചമ്പക്കര

ശ്രീരംഗം റോഡ്, കോട്ടയം, കേരളാ - 686 540.
ഫോൺ : 486114, 486115 (Hosp.) 485214 (Fax)
E-mail : sreerangom@satyam.net.in,
www.sreerangomayur.com

ഈ സ്ഥാപനത്തിന്റെ കീഴിൽ മറ്റ് ബ്രാഞ്ചുകളോ ഏജൻസികളോ പ്രവർത്തിക്കുന്നില്ല.

EXIM KTM